10

# "അവന്റെ നാമത്തിൽ"

## (3:12-26)

നാം ജനിക്കുമ്പോൾ, നമ്മുടെ മാതാപിതാക്കൾ നമുക്കു പേരിടും. വളരുമ്പോൾ, ആ പേരിന്നു അർത്ഥവും പ്രാധാന്യവുമുണ്ടായിരുന്നു. ക്രമേണ, നമ്മുടെ പേരുകൾ നമ്മെ തിരിച്ചറിയുക മാത്രമല്ല, നാം എന്താകുന്നുവോ അതിനു അവ നിലനില്ക്കുകയും ചെയ്യുന്നു. നിങ്ങൾക്കു നന്നായി അറിയാവുന്ന ഒരാളുടെപേര്‍ നിങ്ങൾ മനസ്സിൽ വിചാരിക്കുക. വേർതിരിച്ചെടുക്കാവുന്ന വെറും അക്ഷരക്കൂട്ടത്തെയല്ല നിങ്ങൾ വിചാരിക്കുന്നത്. അല്ലേ? മറിച്ച്, ചില സ്വാഭാവവിശേഷതകളു ടെ, ഒരു *വ്യക്തിയെയാണ്* ചിന്തിക്കുന്നത്. മുഴുവനായ ഒരു വ്യക്തിത്വത്തെയാണ് വിചാരിക്കുന്നത്.[1]

ബൈബിളിൽ, പേരുകൾ തിരിച്ചറിയുന്നതിനു വേണ്ടി മാത്രമല്ല, ആ വ്യക്തിയുടെ എല്ലാ സ്വഭാവവിശേഷതകളും പ്രതിനിധാനം ചെയ്യും. പുറപ്പാട് 20 ലെ മൂന്നാമത്തെ കല്പന "നിന്റെ ദൈവമായ കർത്താവി ന്റെ നാമം വൃഥാ എടുക്കരുത്, തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല" (വാക്യം 7). തന്റെ നാമത്തെ ദുരുപയോഗം ചെയ്യുന്നവനെ ദൈവം ശപിക്കുന്നതെന്തിനാണ്? കാര ണം നിങ്ങൾ അവന്റെ നാമത്തെ മോശമായി എടുക്കുമ്പോൾ അതു അവനെ മോശമാക്കുകയാണ്!

പ്രവൃത്തി 3 ലും 4 ലും, ഊന്നൽ കൊടുത്തിരിക്കുന്നത് യേശു ക്രിസ്തുവിന്റെ നാമത്തിനാണ് (3:6, 16; 4:7, 10, 12, 17, 18, 30). യേശുവി ന്റെ മരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, എന്നിവയ്ക്കു ശേഷം ...

> ... അതുകൊണ്ടു ദൈവവും അവനെ എറ്റവും ഉയർത്തി, സകല *നാമത്തിന്നും മേലായ നാമം നല്കി,* അങ്ങനെ യേശുവിന്റെ നാമത്തി ങ്കൽ സ്വർല്ലോകരുടേയും, ഭൂലോകരുടേയും,അധോലോകരുടേയും, മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ്, എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടിവരും (ഫിലിപ്പിയർ 2:9-11; എംഫസിസ് മൈൻ).

പ്രവൃത്തി 3 ലും 4 ലും, നാം വായിക്കുന്നതു അവന്റെ നാമ ത്തിൽ സൗഖ്യമാക്കൽ, അവന്റെ നാമത്തെ സുവിശേഷിക്കൽ, അവ ന്റെ നാമ

ത്തിന്നായി കഷ്ടം സഹിക്കൽ, അവന്റെ നാമം മുഖാന്ത രം ശക്തിയും ആണ്. ഈ രണ്ടു അദ്ധ്യായങ്ങളും നാം തുടർന്നു പഠിക്കുമ്പോൾ, യേശുവിന്റെ നാമം വെറുതെ അവനെ തിരിച്ചറിയാൻ മാത്രമല്ല ഉപയോഗിച്ചത്; അവന്റെ നാമത്തിൽ ശക്തിയും, അവന്റെ ഉദ്ദേശങ്ങളും, അവന്റെ വ്യക്തിത്വവും ഉൾപ്പെട്ടിരിക്കുന്നു! ഈ രണ്ടു അദ്ധ്യായങ്ങളിലെ മുഖ്യ വ്യക്തി പത്രോസോ യോഹന്നാനോ, സൗഖ്യമായ വ്യക്തിയോ ന്യായാധിപ സംഘത്തിലെ ഒരാളോ ആയിരുന്നില്ല. മുഖ്യ ചിത്രം യേശുക്രിസ്തുവിന്റേതായിരുന്നു! യെഹൂദ പ്രമാണിമാർ വിചാരിച്ചത് അവർ യേശുവിനെ ഇല്ലാതാക്കി എന്നാണ്; എന്നാൽ ഇപ്പോൾ അവർക്കു അവനെ വീണ്ടും കൈകാര്യം ചെയ്യേണ്ടി വന്നു.

പ്രവൃത്തി 3 ലെ അവസാന ഭാഗം, പത്രൊസിന്റെ രണ്ടാമത്തെ പ്രസംഗം രേഖപ്പെടുത്തിയിരിക്കുന്നതാണ്, അവന് അതു പൂർത്തിയാക്കാൻ കഴിഞ്ഞില്ല (4:1). പ്രവൃത്തി 2 ലെ ബാഹ്യരൂപരേഖയോടു സാമ്യമായ അവതരണം ആയിരുന്നു, പക്ഷേ അതിൽ പിന്താങ്ങുന്ന വ്യത്യസ്തമായ ലേഖനമാണുള്ളത്.[2] പ്രവൃത്തി 2-ൽ പത്രോസ് തന്റെ പ്രസംഗത്തിൽ ഉദ്ദേശിച്ചതു ദാവീദിനെയാണ്; തന്റെ ഈ പ്രയോഗത്തിൽ, അവൻ പഴയ നിയമ ഉറവകളിൽ ആശ്രയിച്ചിരുന്നു. ഈ പ്രസംഗത്തിലെ പ്രത്യേക സവിശേഷത എന്തെന്നാൽ യേശുവിന്റെ വ്യത്യസ്ത പദവികൾ കാണിച്ചിരിക്കുന്നതാണ്. പ്രവൃത്തി 2-ൽ പത്രൊസ് അവനെ ദാവീദിന്റെ സന്തതി എന്നും ക്രിസ്തു എന്നും അവതരിപ്പിച്ചു; ഈ പ്രസംഗത്തിൽ, യേശുവിനെ ദൈവത്തിന്റെ ദാസനും, നീതിയും വിശുദ്ധിയുമുള്ളവൻ, ആയിട്ടാണ് പറയുന്നത്. ജീവന്റെ പ്രഭുവായും (കാരണഭൂതൻ) മോശെയെ പോലെയുള്ള പ്രവാചകനാ യും പറയുന്നു.

### അംഗീകാരം നിഷേധിക്കപ്പെട്ടു (3:12)

ഈ സമയമെല്ലാം, ജനങ്ങൾ പത്രോസിനും, യോഹന്നാനും, ഭിക്ഷക്കാരനും ചുറ്റും കൂടി നില്ക്കയായിരുന്നു. അവസാനം, ജനക്കൂട്ടം പെരുകി അവരെല്ലാം തയ്യാറായിരുന്നു. "അതു കണ്ടിട്ടു, പത്രോസ് ജനങ്ങളോട് പറഞ്ഞത്, 'യിസ്രായേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നതു എന്ത് ...?' " (വാക്യം 12). യേശു മുൻപ്, യെരുശലേമിൽ രോഗികളെ സൗഖ്യമാക്കുന്നതു അവർ കണ്ടിട്ടുണ്ട്. പത്രൊസ് തുടർന്നു, " '... ഞങ്ങളുടെ സ്വന്തശക്തി കൊണ്ടോ ഭക്തികൊണ്ടോ[3] ഇവനെ നടക്കുമാറാക്കി എന്നപോലെ ഞങ്ങളെ ഉറ്റു നോക്കുന്നതും, എന്ത്?' " (വാക്യം 12).

പത്രൊസും യോഹന്നാനും സൗഖ്യമാക്കിയ ക്രെഡിറ്റ് എടുത്തിരുന്നെങ്കിൽ അവർ മനുഷ്യരെക്കാൾ താഴുമായിരുന്നു. തങ്ങളിൽ ആരായിരിക്കും വലിയവൻ എന്ന വാദം അവരിൽ ഉണ്ടായിട്ട് അധികമായിട്ടില്ല (മർക്കൊസ് 9:34). ഇതു അവർക്കു അവസരമായിരുന്നു! തങ്ങളുടെ ശക്തിയോ നന്മയോ കൊണ്ടല്ല സൗഖ്യമാക്കുമാറായത് എന്നു പത്രോസ് ഇത്രവേഗത്തിൽ പറയുവാനിടയായതു കേൾക്കുമ്പോൾ പുതുമ തോന്നും – ഇന്നത്തെ അത്ഭുതരോഗശാന്തിക്കാർ തങ്ങൾ കിട്ടേണ്ട പെരുമ അവർ അപ്പൊസ്തലന്മാരേ പോലെ വേണ്ടെന്നു വെക്കുമോ!

**പുനഃപരിശോധന അവതരിപ്പിച്ചു (3:13-15)**

ഒരു നിമിഷത്തിൽ പത്രോസ് രോഗസൗഖ്യത്തിനു യേശുവിന്നു ബഹുമതി കൊടുക്കുന്നു. അതിനോടു ബന്ധപ്പെടുത്തി, യെഹൂദന്മാർ എങ്ങനെ യേശുവിനോട് പെരുമാറിയത്,എന്നു പുനഃപരിശോധന നട ത്തുമ്പോൾ ധാരാളം വൈപരീത്യം എടുത്തു കാണിക്കുന്നുണ്ട്. ആദ്യത്തെ അന്തരം 13-ാം വാക്യത്തിലാണ്:

> അബ്രഹാമിന്റെ ദൈവവും, യിസഹാക്കിന്റെ ദൈവവും, യാക്കോ ബിന്റെ ദൈവവും, നിന്റെ പിതാവിന്റെ ദൈവവുമായവൻ എന്നാണ് [അവൻതന്നെ മോശെക്കു പരിചയപ്പെടുത്തിയത് പുറപ്പാട് 3:6, 15], നി ന്റെ ദാസനായ[4] യേശുവിനെ, മഹത്വപ്പെടുത്തി, അവനെ നിങ്ങൾ ഏല്പിച്ചുകൊടുക്കുകയും അവനെ വിട്ടയപ്പാൻ വിധിച്ച പിലാ ത്തൊസിന്റെ മുമ്പിൽ വെച്ചു, തള്ളിപ്പറയുകയും ചെയ്തു.

പത്രോസ് ആദ്യമായി യേശുവിനെ നാമനിർദ്ദേശം ചെയ്യുന്നതു ഇവി ടെയാണ്: *ദൈവത്തിന്റെ ദാസൻ* എന്നതു (വീണ്ടും 26-ാം വാക്യത്തിൽ ആവർത്തിച്ചിട്ടുണ്ട്). യെശയ്യാവിന്റെ പുസ്തകത്തിലെ ഏറ്റവും വലിയ വിഷയമാണ് കഷ്ടതയേല്ക്കുന്ന ദാസൻ എന്നതു,[5] സങ്കീർത്തനങ്ങളിൽ[6] മുഴങ്ങികേട്ട വിഷയമായിരുന്നു. അതുപോലെ മറ്റു സ്ഥലങ്ങളിലും പ്രവാ ചകന്മാർ പറഞ്ഞ ആ ദാസൻ യേശുവായിരുന്നു എന്നാണ് പത്രോസ് തന്റെ കേൾവിക്കാരെ ധരിപ്പിച്ചത്!

*ദൈവം* തന്റെ ദാസനെ എന്തു ചെയ്തു? അവൻ അവനെ "മഹത്വ പ്പെടുത്തി." പക്ഷേ, *യെഹൂദന്മാർ* അവനെ എന്തു ചെയ്തു? അവരുടെ പ്രമാണിമാർ അവനെ പിലാത്തോസിന്നു "ഏല്പിച്ചു കൊടുത്തു."[7] പിന്നെ ജനക്കൂട്ടം അവനെ "തള്ളിപ്പറഞ്ഞു." അതിനുശേഷം പിലാത്തോസ് അവ രോട്, ''ക്രിസ്തു എന്നു വിളിക്കുന്ന യേശുവിനെ എന്തു ചെയ്യേണംഎന്നു ചോദിച്ചു?'' അവർ ഉച്ചത്തിൽ, ''അവനെ ക്രൂശിക്കഎന്നാർത്തുകൊണ്ടിരുന്നു!" "അവനെ ക്രൂശിക്കേണം എന്നു, എല്ലാവരും പറഞ്ഞു," "അവൻ ചെയ്ത ദോഷം എന്ത്?" എന്ന് പത്രൊസ് ചോദിച്ചു. "ക്രൂശിക്കേണം!" എന്നു അവർ ഏറ്റവും നിലവിളിച്ചു പറ ഞ്ഞു (മത്തായി 27:22, 23).

13-ാം വാക്യത്തിന്റെ അവസാനഭാഗത്താണ് രണ്ടാമത്തെ തുലനപ്പെ ടുത്തൽ: ഒരു വശത്ത്, ഉയർന്ന ഒരു റോമാ നാടുവാഴി, യേശുവിനെ വിമുക്തനാക്കാൻ ശ്രമിക്കുന്നു. മറുവശത്തു ദൈവത്തിന്റെ സ്വന്തജനം അവന്റെ മരണം ആവശ്യപ്പെടുന്നു. ചുരുങ്ങിയതു കുറച്ചു പേരെങ്കിലും ആ ദുഷ്കീർത്തിപരമായ നാഴിക ഓർത്തു തല കുനിക്കുന്നതുമാകും.

14-ാം വാക്യത്തിലാണ് പത്രൊസ് യേശുവിന്റെ പദവിയെ രണ്ടാമതു പറയുന്നതും മൂന്നാമത്തെ തുലനം ചെയ്യലും: ''പരിശുദ്ധനും നീതിമാനുമായവന് ഏല്പിച്ചു കൊടുപ്പാനും, കൊലപാതകനെ വിട്ടുതരുവാനുമാണ് ആവശ്യപ്പെട്ടത്." "പരിശുദ്ധനും[8] നീതിമാനുമെന്ന[9]" ഈ പദവി പഴയനിയമഭാഷയാണ്. ഭൂതങ്ങൾ യേശുവിനെ "ദൈവ ത്തിന്റെ പരിശുദ്ധൻ," എന്നു ഏറ്റു പറഞ്ഞപ്പോൾ അവ അവന്റെ ദൈവി

കത്വത്തെ അംഗീകരിക്കയായിരുന്നു (മർക്കൊസ് 1:24).[10] താരതമ്യം ചെയ്യുന്നതു, പരിശുദ്ധനും നീതിമാനുമായ, യേശുവും കുലപാതകനായ ബറബ്ബാസുമായിട്ടായിരുന്നു, പരിശുദ്ധനും നീതിമാനുമായവനെ ജനക്കൂട്ടം എന്തു ചെയ്തു? അവനെ അവർ തള്ളിപ്പറഞ്ഞു ക്രൂശിക്കാൻ ആവശ്യപ്പെട്ടു. കവർച്ചക്കാരനും കുലപാതകിയുമായ ബറബ്ബാസിനെ അവർ എന്തുചെയ്തു? അവനെ വിടുവാൻ ആവശ്യപ്പെട്ടു (ലൂക്കൊസ് 23:13–25).

14–ാം വാക്യത്തിലും 15–ാം വാക്യത്തിന്റെ ആരംഭത്തിലും അവസാനഭാഗത്തായി നാലാമത്തെ തുലനം ചെയ്യൽ കാണാം: "... കുലപാതകനായവനെ നിങ്ങൾ ... വിട്ടു തരേണം എന്നു പറഞ്ഞു, ജീവനായകനെ കൊന്നു കളഞ്ഞു, ..." "പ്രിൻസ്" എന്നതു ഗ്രീക്ക് വാക്ക് (*ആർക്കെഗോസ്*) തർജ്ജിമ ചെയ്തതാണ് അർത്ഥം "മുൻപുണ്ടായിരുന്നവൻ." പുതിയ നിയമത്തിൽ ഇതു നാലു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ സാധാരണ അർത്ഥം "ഉത്ഭവിക്കുന്നവൻ" അല്ലെങ്കിൽ "മുൻപ് പോകുന്നവൻ" എന്നത്രെ. NIV തർജ്ജിമ ചെയ്തിരിക്കുന്നത് "ജീവനായകൻ" എന്നാണ്. ന്യൂ സെഞ്ചറി വെർഷൻ തർജ്ജിമ ചെയ്തിരിക്കുന്നത് "ജീവൻ നല്കുന്നവൻ" എന്നാണ്. താരതമ്യം ചെയ്യുന്നതു യേശുവും ബറബ്ബാസും തമ്മിലാണ്, യേശു ജീവനെ കൊടുക്കുന്നവനാണ്, ബറബ്ബാസ് ജീവനെ നശിപ്പിക്കുന്നവനാണ്. പത്രൊസ് പറഞ്ഞു, "ജീവനെ നശിപ്പിക്കുന്നവനെ നിങ്ങൾ വിട്ടു തരണ മെന്നും ജീവൻ നല്കുന്നവനെ നശിപ്പിക്കണമെന്നുമാണ്!"

### ഉയിർത്തെഴുന്നേല്പ് പ്രഖ്യാപിച്ചു (3:15)

ജീവന്റെ ഉറവിടത്തെ മരണത്തിന്നു ഏല്പിക്കുന്നതിനേക്കാൾ വ്യർത്ഥമായ ശ്രമം മറ്റൊന്നില്ല എന്നു തീർത്തു പറയാം! 15–ാം വാക്യത്തിൽ, പത്രൊസിന്റെ അവസാന താരതമ്യത്തിൽ അതു പറയുന്നുണ്ട്: "എന്നാൽ [അവനെ] ദൈവം മരിച്ചവരിൽ നിന്നു, ഉയിർത്തെഴുന്നേല്പിച്ചു, ..." യെഹൂദന്മാർ യേശുവിനെ കൊന്നു, എന്നാൽ ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. "കാൽവരി മനുഷ്യന്റെ അവസാന വാക്കായിരുന്നേക്കാം. പക്ഷേ ശൂന്യമായ കല്ലറ ദൈവത്തിന്റേതും."[11]

തന്റെ കേൾവിക്കാരിലാണ് പത്രൊസ് കുറ്റം ചുമത്തുന്നത് എന്നു ശ്രദ്ധിക്കുക! ആളുകൾ പാപത്തിൽ നിന്നു പരിവർത്തനം ചെയ്യുന്നതിനു മുൻപ് അവരുടെ പാപത്തെ ബോധ്യപ്പെടേണ്ടതുണ്ട്. രക്ഷയുടെ നല്ല വിശേഷം നാം പ്രസംഗിക്കുന്നതിനുമുൻപ് പാപത്തിന്റെ മോശമായ വാർത്ത നാം അവതരിപ്പിക്കണം. സൗഖ്യം ആഗ്രഹിക്കുന്നതിനു മുൻപു ആളുകൾ അവരുടെ രോഗത്തെ മനസിലാക്കണം.

15–ാം വാക്യത്തിൽ പത്രൊസ് ഉയിർത്തെഴുന്നേല്പിനെപ്പറ്റി പറഞ്ഞപ്പോൾ, തന്നെയും യോഹന്നാനെയും ഉൾപ്പെടുത്തി പറഞ്ഞിരിക്കാം: "... അതിന്നു ഞങ്ങൾ സാക്ഷികൾ ആകുന്നു." അവർ മുഖാന്തരം ആമുടന്തനു സൗഖ്യം വന്നതിനാൽ, ഇതു ഉയിർത്തെഴുന്നേല്പിന്റെ ശക്തമായ സാക്ഷ്യമായിരുന്നു.

## വിണ്ടെടുപ്പുകാരനെ ഉയർത്തി (3:16)

പത്രൊസ് പറഞ്ഞതെല്ലാം യേശുക്രിസ്തുവിന്റെ നാമം ഉയർത്തുന്നതിലേക്കു നയിച്ചു: "അവന്റെ നാമത്തിലുള്ള വിശ്വാസത്താലത്രേ, നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനു ഷ്യൻ; സൗഖ്യമാകുവാൻ ഇടയായത്. അവൻ മുഖാന്തരം ഉളള വിശ്വാസം ഇവന്നു നിങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം വരുവാൻ ഹേതുവായി തീർന്നു" (വാക്യം 16). ഈ വാചകം മൂലഭാഷ യിലെ വേദഭാഗത്തിലും അരോചകമായി തോന്നാം – കാരണം അതു പത്രൊസ് പറഞ്ഞതു അങ്ങനെ തന്നെ പറഞ്ഞിരിക്കുന്നു. നാം സംസാ രിക്കുമ്പോൾ ഗ്രാമർ നോക്കാറില്ല; വാചകം മുഴുവൻ പറയാറുമില്ല. 16–ാം വാക്യം വരെ ലൂക്കൊസ് ആത്മീയ പ്രസംഗം നടത്തിയിരിക്കാം, പക്ഷേ അവൻ പത്രൊസിന്റെ സന്ദേശത്തിന്റെ മുഖ്യഭാഗത്ത്, എത്തിയപ്പോൾ പത്രൊസിന്റെ അതേ വാക്കുകൾ തന്നെ നാം അറിയണമെന്ന് ആഗ്രഹിച്ചു (പ്രവൃത്തിയിലെ പ്രസംഗങ്ങൾ, ലൂക്കോസ് "കണ്ടുപിടിച്ചതല്ല" എന്നു ഇതിനാൽ തെളിയുന്നു. അല്ലെങ്കിൽ "അപ്പോസ്തലന്മാരുടെ വാക്കുകളായും ഇടുന്നില്ല").

അരോചകമായാലും അല്ലെങ്കിലും, പത്രൊസിന്റെ വാക്കുകൾ സ്ഫടിക തുല്യമായിരുന്നു: ആ മനുഷ്യൻ സൗഖ്യമായതു പത്രൊസിന്റേയും യോഹന്നാന്റേയും; എന്തെങ്കിലും പ്രത്യേകഗുണം കൊണ്ടല്ല മറിച്ച്, *യേശുവിന്റെ നാമം മൂലമാണ്* അവൻ മുഴുവനും സൗഖ്യമായത്!

യേശുവിലുള്ള വിശ്വാസത്തിനും അവന്റെ നാമത്തിനും ഊന്നൽ കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക: "അവന്റെ നാമത്തിലുള്ള വിശ്വാസം മുഖാന്തരമായിരുന്നു സൗഖ്യം"; "അവൻ മുഖാന്തര [മുള്ള] വിശ്വാസത്താൽ" അവന്നു "പൂർണ്ണ ആരോഗ്യം വരുവാൻ" ഹേതുവായി തീർന്നു. ഇവിടെ പറയുന്ന വിശ്വാസം സൗഖ്യമായവന്റേതായിരുന്നില്ല (എന്നു നാം മുൻപു ശ്രദ്ധിച്ചു); മറിച്ചു, *പത്രൊസിന്റേയും യോഹന്നാന്റേയും* വിശ്വാസത്താലായിരുന്നു. മുൻപു, അപ്പൊസ്തലന്മാർക്കു അശുദ്ധാത്മാക്കളെ പുറത്താക്കാൻ കഴിയാതെ വന്നപ്പോൾ, യേശു പറഞ്ഞതു *അവരുടെ* അല്പവിശ്വാസം നിമിത്തമാണ് കഴിയാതിരുന്നത് എന്നത്രേ, അല്ലാതെ അശുദ്ധാത്മാവു ബാധിച്ച ആളുടെ വിശ്വാസക്കുറവായിരുന്നില്ല കാരണം (മത്തായി 17:20). ഉയിർത്തെഴുന്നേറ്റ ശേഷം, "യേശു അപ്പൊസ്തലന്മാർക്കു പ്രത്യക്ഷമായി അവരുടെ അവിശ്വാസത്തെ ശാസിച്ചിരുന്നു" (മർക്കൊസ് 16:14). മഹത്തായ ആജ്ഞയുടെ വെല്ലുവിളി, അവരിൽ കൊടുത്തുകൊണ്ട് അവൻ പറഞ്ഞു:

> *വിശ്വസിക്കുന്നവരാൽ* ഈ അടയാളങ്ങൾ നടത്തും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കടിച്ചാലും അവർക്കു ഹാനി വരികയില്ല,രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു (മർക്കോസ് 16:17, 18; എംഫസിസ്മൈൻ).

അപ്പൊസ്തലന്മാർക്കു വിശ്വാസമുണ്ടെങ്കിൽ, അവർക്കു രോഗികളെ സൗഖ്യമാക്കാൻ കഴിയും എന്നു "യേശുവിന്റെ നാമത്തിൽ" പറഞ്ഞിരുന്നു. അതാണ് പ്രവൃത്തി 3-ൽ സംഭവിച്ചത്.

പത്രൊസിന്റെ ചിന്താഗതി നമുക്കൊന്നു പരിഗണിക്കാം: ആ മനുഷ്യൻ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചതു ആർക്കും നിഷേധിക്കാൻ കഴിയാതിരുന്നതിനാലും, യേശുവിന്റെ നാമം മുഖാന്തരം, അവൻ സൗഖ്യമായതിനാലും യേശു മശിഹ തന്നെ! പെന്തെകൊസ്തു നാളിലെ: പത്രൊസിന്റെ പ്രസംഗത്തിലെ പോയിന്റ് തന്നെയാണ് ഇതും. നൂറ്റാണ്ടുകളായി യെഹൂദന്മാർ ആരെ കാത്തിരുന്നുവോ അവനെയാണ് അവർ കൊന്നതു!

### ഉറപ്പ് ആവർത്തിച്ചു വിപുലമാക്കി (3:17, 18)

അവരുടെ കുറ്റത്താൽ, അവർ ചഞ്ചലിതമായതു കുറയ്ക്കുവാൻ പത്രൊസ് കൂട്ടിച്ചേർത്തു, "സഹോദരന്മാരേ, നിങ്ങളുടെ പ്രമാണികളെപ്പോലെ,[12] നിങ്ങളും അറിയായ്മകൊണ്ടു, പ്രവർത്തിച്ചു എന്നു ഞാൻ അറിയുന്നു" (വാക്യം 17). പത്രൊസ് ദയവുള്ളവനായതുകൊണ്ട് (നാം ശരിയായിരിക്കണമെന്നില്ല; നമ്മൾ മനുഷ്യത്വരഹിതമായി പെരുമാറേണ്ടതല്ല). ഫലത്തിൽ അവൻ പറഞ്ഞു, "യേശു ആരായിരുന്നു എന്ന് വാസ്തവത്തിൽ നിങ്ങൾ മനസ്സിലാക്കിയെങ്കിൽ, നിങ്ങൾ യേശുവിനെ കൊല്ലുമെന്ന് വിചാരിക്കുന്നില്ല." പത്രൊസിന്റെ പ്രസ്താവനയെ തെറ്റിദ്ധരിക്കരുത്. യേശു ആരായിരുന്നു എന്ന് അറിയുവാനുള്ള അവസരം കിട്ടിയില്ല എന്നല്ല അവൻ പറഞ്ഞത്; അവരുടെ അജ്ഞത സ്വയം - വരുത്തിവച്ചതാണ്, അവരുടെ ദുരഭിമാന ഫലമായിരുന്നു അത് അല്ലെങ്കിൽ അവരുടെ അജ്ഞത തെറ്റിൽ കുറയുന്നുമെന്നുമല്ല അവൻ പറഞ്ഞത്; ഉടനെ, അവൻ അവരോട് മാനസാന്തരപ്പെടുവാൻ കൽപ്പിച്ചു. മറിച്ച്, പത്രൊസ് "അറിയായ്മയാൽ പ്രവർത്തിച്ചു," എന്നതിന്റെ കാര ണം അവർക്ക് *പ്രത്യാശ*യുണ്ടായിരുന്നു എന്നതാണ്. ന്യായപ്രമാണത്തിൻ കീഴിൽ, മനപ്പൂർവ്വം ചെയ്യുന്ന പാപവും അറിയാതെ ചെയ്യുന്ന പാപവും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു (ലേവ്യാപുസ്തകം 4; 5; സംഖ്യാപുസ്തകം 15:22–31). അറിയായ്മയാൽ ചെയ്യുന്ന പാപങ്ങൾക്ക് യാഗം അർപ്പിക്കാമായിരുന്നു; അത്തരം പാപങ്ങൾ ക്ഷമിക്കുമായിരുന്നു. വേറെ വിധത്തിൽ, മനപ്പൂർവ്വമായ പാപങ്ങൾക്ക് ഒരു യാഗവും ഇല്ല.[13] മത്സരം ജനത്തിനിടയിൽ നിന്ന് "നീക്കിക്കളയണം"; പലപ്പോഴും അവനെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു. പത്രൊസിന്റെ വാക്കുകളായ: "നിങ്ങൾ അറിയാതെ പ്രവർത്തിച്ചു" എന്നതിൽ പ്രത്യാശയുണ്ടായിരുന്നു.

അവരുടെ അജ്ഞതയെന്ന മറവിൽ, അവർക്ക് എങ്ങനെയായാലും, തുടരുവാൻ കഴിഞ്ഞില്ല. പത്രൊസ് തുടർന്നു: "ദൈവമോ ത ന്റെ ക്രിസ്തു കഷ്ടം അനുഭവിക്കുമെന്നു സകല പ്രവാചകൻമാരും, മുഖാന്തരം മുന്നറിയിച്ചതു ഇങ്ങനെ നിവർത്തിച്ചു" (വാക്യം 18). അവർ പ്രവാചകൻമാരുടെ വാക്കുകൾ വായിച്ചിരുന്നുവെങ്കിൽ, അവരുടെ അജ്ഞത നീങ്ങുമായിരുന്നു. അവരുടെ ക്രിസ്തു, മശിഹ, കഷ്ടമേൽക്കേണ്ടിയിരുന്നു എന്ന് അവർ അറിയണമായിരുന്നു. യേശു കഷ്ടം ഏറ്റപ്പോൾ, അത് അവനെ മശിഹയാകുന്നതിൽ നിന്നും അയോഗ്യനാക്കുന്നില്ല; മറിച്ച്,

അവന്റെ യോഗ്യതക്ക് മാറ്റു കൂട്ടുകയായിരുന്നു.[14]

### മാനസാന്തരം ആവശ്യപ്പെട്ടു (3:19)

പത്രൊസ് പ്രവാചകൻമാരെ ചൂണ്ടിക്കാണിക്കുന്നതിനു മുൻപു, തന്റെ സദസ്യരെ മാനസാന്തരപ്പെട്ടു കർത്താവിലേക്കു തിരിയുവാനുള്ള വെല്ലുവിളി ഏറ്റെടുക്കാൻ പറയുന്നുണ്ട്: "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു, മാനസാന്തരപ്പെട്ടുകൊൾവിൻ എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും ചെയ്യും" (വാക്യം 19).

12 മുതൽ 26 വരെയുള്ള വാക്യങ്ങൾ നാം പഠിക്കുവാൻ ആരംഭിച്ചപ്പോൾ, ഇതൊരു പൂർത്തിയാകാത്ത പ്രസംഗമായി ശ്രദ്ധിച്ചു. 4-ാം അദ്ധ്യായം ഒന്നാം വാക്യം വായിക്കുമ്പോൾ "അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ *തന്നേ*," അവർ പത്രൊസിനെയും യോഹന്നാനേയും തടവിലാക്കി എന്നുകാണാം (എംഫസിസ്മൈൻ) പ്രവൃത്തി 2:38-ൽ പത്രൊസ് പറഞ്ഞതുപോലെ കർത്താവിലേക്കുതിരിയുന്നതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നുഎന്നു വിശദീകരിക്കാൻ അവനു കഴിഞ്ഞില്ല.[15] അതുപോലെ, പത്രൊസിന്റെ 3:19 ലെ പ്രാഥമിക പ്രസ്താവനയോടുകൂടെ അവന്റെ പ്രവൃത്തി 2:38 ലെ അവസാനിപ്പിക്കുന്ന പ്രസ്താവനയും കൂടെ നോക്കാം:

| **പ്രവൃത്തി 2:38** | **പ്രവൃത്തി 3:19** |
|---|---|
| "മാനസാന്തരപ്പെട്ട്, | "മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ, |
| ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി യേശുക്രി | പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന്, |
| സ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ; | കർത്താവിന്റെ സമ്മുഖ, |
| എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും." | ത്തു നിന്നു ആശ്വാസ കാലങ്ങൾ വരും." |

സമാന്തരമായി ഇതു അടുത്തടുത്തിട്ടാൽ, ധാരാളം സമാനതകൾ ഉടനെ സ്പഷ്ടമാകും. ആദ്യമായി, രണ്ടു വേദഭാഗങ്ങളും തുടങ്ങുന്നതു "മാനസാന്തരപ്പെടുക" എന്ന കല്പനയോടെയാണ്. "മാനസാന്തരം" എന്നാൽ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള ദു:ഖവും, പാപത്തോടുള്ള മനോഭാവം മാറ്റി വ്യത്യസ്തമായി ജീവിക്കാൻ തീരുമാനിക്കയുമെന്നതാണ്.[16] ന്യൂ സെഞ്ചുറി വെർഷൻ പറയുന്നത്, "ആകയാൽ നിങ്ങളുടെ ഹൃദയങ്ങളെ മാറ്റി ജീവിക്കുക!" എന്നാണ് തന്റെ ശ്രോ താക്കൾ ദൈവത്തിന്റെ ദാസനും പരിശുദ്ധനും നീതിമാനും ജീവന്റെ പ്രഭുവും (നായ

കൻ) ആയവനെ! ക്രൂശിലേറ്റിയ പാപത്തിൽ നിന്നു, ആ ദ്യം മാനസാന്തരപ്പെടണം!

പിന്നെ, ഓരോ വേദഭാഗത്തിന്റേയും മൂന്നാമത്തെ ഭാഗം നോക്കുക. 3:19 ലെ പ്രയോഗമായ "നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു" എന്നതു പുരാതന എഴുത്തു പരിശീലനത്തെ വരച്ചു കാണിച്ചിരിക്കയാണ്. അന്നത്തെ മഷിയിൽ ആസിഡിന്റെ അംശം ഇല്ലായിരുന്നു. ആധുനിക മഷി ഓലയിലെഴുതാവുന്നതുമല്ല. ആകയാൽ എഴുതിയ പ്രതലം ഒരു കത്തികൊണ്ടു ചുരണ്ടിയോ നനഞ്ഞ സ്പോഞ്ചുകൊണ്ട് തുടച്ചു കളയുകയോ ചെയ്യാവുന്നതായിരുന്നു.[17] ഒരാളുടെ പാപം "മാഞ്ഞു പോകുന്നതു" ദൈവത്തിന്റെ ഓർമ്മപ്പുസ്തകത്തിൽ നിന്നു അവ നീങ്ങുമ്പോഴാണ്! ഇതു 2:38-ൽ "പാപങ്ങളുടെ മോചനം" നടന്നതുപോലെയാണ്.

രണ്ടു വേദഭാഗങ്ങളിലേയും ഒന്നും മൂന്നും പ്രയോഗങ്ങളുടെ അർത്ഥം ഒന്നാകയാൽ, രണ്ടാമത്തേയും നാലാമത്തേയും പ്രയോഗങ്ങൾ ബന്ധപ്പെട്ടിരിക്കാനാണ് ഏറ്റവും സാധ്യത ഓരോ വേദഭാഗത്തിലേയും രണ്ടാമത്തെ പദപ്രയോഗം നോക്കുക. പ്രവൃത്തി 2:38-ൽ "ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാണ്," എന്നാൽ 3:19-ൽ "തിരിഞ്ഞുകൊൾവിൻ"[18] എന്നുമാത്രമാണുള്ളത്. യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞപ്പോൾ, അവർ തങ്ങളെത്തന്നെ ദൈവത്തിന്റെ പദ്ധതിയിൽ നിന്നും ഉദ്ദേശത്തിൽ നിന്നും മാറ്റിക്കളഞ്ഞു. യേശുവിനെ സ്വീകരിച്ചാൽ മാത്രമെ അവർക്കു കർത്താവിലേക്കു തിരിച്ചുവരാൻ കഴിഞ്ഞിരുന്നുള്ളു.[19] തിരിഞ്ഞുകൊള്ളുന്നതും സ്നാനമേല്ക്കുന്നതും തമ്മിൽ സമാനതയുണ്ടോ? അവർ "ധഅക്ഷരികമായിപ, യേശുക്രിസ്തുവിന്റെ നാമത്തിലായിരുന്നു" സ്നാനമേല്ക്കേണ്ടിയിരുന്നത്. അവർ യേശുക്രിസ്തുവിൽ വിശ്വസിച്ചു എന്നും മശിഹയായി അവനെ സ്വീകരിച്ചു എന്നും സ്നാനത്തിൽ അവർ പ്ര ദർശിപ്പിച്ചു! ഈ രണ്ടു സമാനതകളും സൂചിപ്പിക്കുന്നതു കർത്താവിലേക്കുതിരിയുന്നതിനു അത്യാവശ്യ ഘടകമായിരുന്നു സ്നാനം. പരിവർത്തനത്തിന്റെ ആവശ്യ (KJV യിലെ പദപ്രയോഗം) ഘടകം.

അവസാനമായി, ഓരോ വാക്യത്തിലേയും നാലാമത്തെ പദപ്രയോഗം നോക്കുക. പ്രവൃത്തി 2:38-ൽ "എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും എന്നാണ്," എന്നാൽ 3:19-ൽ "കർത്താവിന്റെ സമ്മുഖത്തു നിന്നും ആശ്വാസകാലങ്ങൾ വരേണ്ടതിനു എന്നാണ്." "ആശ്വാസകാലങ്ങൾ" സൂചിപ്പിക്കുന്നതു ദൈവമക്കളിൽ അവൻ പകരുന്ന ആത്മീയ അനുഗ്രഹങ്ങളാണ്,[20] ആശ്വസിപ്പിക്കുന്ന അനുഗ്രഹങ്ങൾ "നമുക്കു കർത്താവിൽ നിന്നാണ് വരുന്നത്" (അതായത്., കാരണം കർത്താവു നമ്മോടുകൂടെ ഉള്ളതുകൊണ്ട്). പ്രവൃത്തി 2:38 അനുസരിച്ചു, നാം സനാനം ഏല്ക്കുമ്പോൾ, ദൈവം തന്റെ ആത്മാവിനെ നമ്മിൽ തരുന്നു, പിന്നെ ആ ആത്മാവു നമ്മിൽ വസിക്കുന്നു! നാം "ആത്മാവിനാൽ നിറയുന്നതുകൊണ്ട്" (എഫെസ്യർ 5:18), നമ്മുടെ ആത്മാക്കൾ ആനന്ദിക്കുന്നു "അതു [ആത്മീയമായ] ആശ്വാസകാലങ്ങൾ വരുന്നതാണ്." യോഹന്നാൻ 7:37-39 വരെയുള്ള, വേദഭാഗങ്ങളിൽ പരിശുദ്ധാ

ത്മദാനത്തെ "ജീവജാല നദിയാലുള്ള"! ആശ്വാസവുമായി താരതമ്യം ചെയ്തിട്ടുണ്ട്. ചിലർ വിചാരിക്കുന്നതു ക്രിസ്ത്യാനിത്വം ഭാര മാണെന്നാണ്. പത്രൊസ് പറയുന്നു അതു ഒരു അനുഗ്രഹമാണെന്ന്!

ഈ രണ്ടു വേദഭാഗങ്ങളും ഒരുമിച്ചു ചേർത്താൽ, നമുക്കു ഈ സത്യ ങ്ങൾ ലഭിക്കും: നാം മാനസാന്തരപ്പെട്ട് ദൈവത്തിലേക്കു തിരി ഞ്ഞാൽ – അതിൽ സ്നാനപ്പെടുന്നതും – പാപമോചനം ലഭിക്കുന്നതും (മാഞ്ഞു പോകുന്നതും), ദൈവം നമ്മുടെ ആത്മാക്കളെ അനുഗ്രഹിച്ചു ആശ്വസി പ്പിക്കുന്നതും ആത്മാവു നമ്മിൽ വസിക്കുന്നതും ഉൾപ്പെടുന്നു! 3:19 ൽ ആകർഷകമായ അനുഗ്രഹമാണെന്നതു പത്രൊസിനെ കേട്ടവർ യേശുവിലേക്കു തിരിച്ചു വന്നാൽ അവരെ കാത്തിരിക്കുന്നതു ആ കർഷ ണീയ അനുഗ്രഹമാണെന്നു പത്രൊസ് പറയുന്നു!

**പുനരേകീകരണം വാഗ്ദാനം ചെയ്തു (3:20, 21)**

രണ്ട് അനുഗ്രഹങ്ങൾ നാം കണ്ടു കഴിഞ്ഞു: പാപങ്ങൾ മാഞ്ഞു പോകുന്നതും ആശ്വാസകാലങ്ങൾ വരുന്നതും,[21] 20 ഉം 21 ഉം വാക്യങ്ങ ളിൽ പത്രൊസ് മൂന്നാമതു ഒരനുഗ്രഹവും കൂടെ പറയുന്നുണ്ട്: "നിങ്ങൾക്കു മുൻ നിയമിക്കപ്പെട്ട[22] ക്രിസ്തുവായ യേശുവിനെ അവൻ അയക്കുകയും ചെയ്യും, ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതു ഒക്കെയും യഥാസ്ഥാന ത്താകുന്നകാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടിയിരി ക്കുന്നു." പത്രൊസ് പറഞ്ഞ മൂന്നാമത്തെ അനുഗ്രഹം യേശുവിന്റെ രണ്ടാം വരവാണ്! നിങ്ങളും ഞാനും കർത്താവിന്റെ വീണ്ടും വരവിനെ ക്കുറിച്ചു ആവേശം കൊള്ളുകയോ കൊള്ളാതിരിക്കയോ ചെയ്യാം, പക്ഷെ പ്രാരംഭ ക്രിസ്ത്യാനികൾ അതിൽ ആവേശഭരിതരായിരുന്നു. അവ രുടെ പരീക്ഷണങ്ങളിലും അവർ കർത്താവിന്റെ വീണ്ടും വരുന്ന ദിവ സത്തിനായി എല്ലാം ഒരുക്കി കാത്തിരുന്നു!

"സകലവും യഥാസ്ഥാനമാക്കുന്ന കാലം വരുവോളം" എന്ന പദപ്ര യോഗത്തെ പരിഗണിക്കത്തക്ക തെറ്റിദ്ധാരണ നിലനില്ക്കുന്നുണ്ട്. KJV യിൽ "എല്ലാം പൂർവ്വസ്ഥിതിയിലാക്കുന്ന കാലത്തോളം എന്നാ ണ്."[23] NIV യിൽ പറയുന്നതു "ദൈവം എല്ലാം യഥാസ്ഥാനത്താക്കുന്ന സമയം വരെ എന്നാണ്." പത്രൊസ് അർത്ഥമാക്കിയതിനെ വിപുലീകരിച്ചു സിദ്ധാന്ത ങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ആളുകൾ ദൈവത്തിലേക്കുമടങ്ങി *വരി കയും* ഒരു സുവർണ്ണയുഗം നിലനില്ക്കുകയും ചെയ്യുന്നതു വരെ കർത്താവു വീണ്ടും വരികയില്ല എന്നു ചിലർ പ്രഖ്യാപിക്കുന്നു.[24] മറ്റു ചിലർ പറയുന്നതു അവൻ വീണ്ടും വരുമ്പോൾ ഭൂമി യെ യഥാസ്ഥാനപ്പെടുത്തി ഒരു പറുദീസയാക്കും എന്നാണ്.[25] പത്രൊ സ്, ഭാവിയെക്കുറിച്ചു ഒരു അതി ഭയങ്കരമായ വെളിപ്പെടുത്തൽ നടത്തുകയായിരുന്നില്ല; "സകലവും യഥാ സ്ഥാനമാക്കുന്ന," എന്ന പ്രയോഗം അന്നു നിലവിലുണ്ടായിരുന്ന ഒരു സാധാരണ യെഹൂദ ഭാഷാ ശൈലി ഉപയോഗിക്കയായിരുന്നു.

യെഹൂദന്മാരായ പത്രൊസിന്റെ സദസ്യർക്കു,[26] "സകലവും യഥാ സ്ഥാനമാക്കുന്നതു" *മശിഹാപദ*പ്രയോഗമായിരുന്നു. മശിഹ വരുമ്പോൾ, എല്ലാം യഥാസ്ഥാനപ്പെടുത്തും ഇതിനർത്ഥം പത്രൊസിന്റെ സദസ്യർ

യഥാസ്ഥാനം ശരിക്കു മനസ്സിലാക്കി എന്നു ധരിക്കരുത്. അപ്പൊസ്തലന്മാർ, യേശുവിനോടു "കർത്താവേ, നീ *യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനപ്പെടുത്തുന്നതു* എന്നു ചോദി ച്ചു?" (1:6; എംഫസിസ്മൈൻ), അവരുടെ മനസ്സിൽ താല്ക്കാലികവും, ഭൗതികവും, ദേശീയവുമായ യഥാസ്ഥാനമായിരുന്നു. ദാവീദിന്റേയും ശലോമോന്റെയും ഭരണകാലത്തുണ്ടായിരുന്ന യിസ്രായേലിന്റെ മഹത്വത്തിനായിട്ടാണ് അവർ നോക്കിയിരുന്നത്. അവരുടെ തെറ്റിദ്ധാരണ അകറ്റുക എന്നതായിരുന്നില്ല.[27] മറിച്ച്, അവർ യേശുവിനെ മശിഹയായി സ്വീകരിച്ചാൽ, അവൻ വീണ്ടും വരുമ്പോൾ നിയമപരമായ മശിഹാപ്രത്യാശകളും സ്വപ്നങ്ങളും[28] പൂർണ്ണമായും അവസാനമായി തിരിച്ചറിയും![29] മശിഹയെ ജീവിതത്തിൽ കേന്ദ്രബിന്ദുവാക്കിയവർക്കുള്ള ശക്തിയായ പ്രചോദനമായിരന്നു അതു.

പത്രൊസ് തന്റെ യെഹൂദസദസ്യരോടു 20 ഉം 21 ഉം വാക്യങ്ങളിലെ പ്രസ്താവനകളുടെ പ്രാധാന്യം അതായിരുന്നു. ബൈബിൾ ഉപദേശം മുഴുവൻ ലഭിച്ച ക്രിസ്ത്യാനികൾക്കു അതിന്റെ അർത്ഥം എ ന്താണ്? ക്രിസ്തു വരുമ്പോൾ എല്ലാം ശരിയായിരിക്കയില്ല എന്ന അടിസ്ഥാന സത്യത്തിനു ഊന്നൽ നല്കുകയാണ് - പത്രൊസിന്റെ വാക്കുകൾ. *ചില* കാര്യങ്ങൾ ഇപ്പോൾ ശരിയായിട്ടുണ്ട് - ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചിട്ടുണ്ട്; അവൻ നമ്മോടൊപ്പം ഇരുന്നു നമ്മുടെ ജീവിത പരീക്ഷണങ്ങളിൽ നമ്മെ സഹായിക്കുന്നുമുണ്ട് - എന്നാൽ *എല്ലാം* ശരിയായിട്ടുമില്ല. പാപം നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. പലപ്പോഴും നീതിമാൻ കഷ്ടപ്പെടുമ്പോൾ, ദുഷ്ടൻ അഭിവൃദ്ധിപ്പെടും. അകൃത്യം കർത്താവുവരുന്നതുവരെ തുടരും. ആ സമയത്തു, ന്യൂ സെഞ്ചുറി വെർഷന്റെ പദപ്രയോഗമനുസരിച്ച്, "വീണ്ടും എല്ലാം ശരിയാകും."[30]

ഉല്പത്തി പുസ്തകത്തിലെ ആദ്യ അദ്ധ്യായങ്ങളും വെളിപ്പാടു പുസ്തകത്തിലെ അവസാനത്തെ രണ്ടു അദ്ധ്യായങ്ങളിലെ സ്വർഗ്ഗം എന്ന ചിത്രവും തമ്മിൽ താരതമ്യം ചെയ്യുന്നതാണ് "... സകലവും യഥാസ്ഥാനത്താകും വരെ" എന്ന പദപ്രയോഗം മനസ്സിലാക്കുവാൻ ഏറ്റവും നല്ല വഴി മനുഷ്യൻ പാപം ചെയ്തു സൃഷ്ടികർത്താവിൽ നിന്നു വേർപിരിയുന്നതുവരെ അവൻ ദൈവത്തോടുകൂടെ നടന്നു എന്നു ഉല്പത്തി പുസ്തത്തിൽ, പറയുന്നു. വെളിപ്പാട് 21:3-ൽ, അടുത്തബന്ധം യഥാസ്ഥാനപ്പെടുത്തി. ഉല്പത്തിപുസ്തകത്തിൽ, മനുഷ്യനു വിലക്കായ ജീവവൃക്ഷഫലം ഭക്ഷിപ്പാനുള്ള; മനുഷ്യന്റെ അവകാശം വെളിപ്പാട് 22:2-ൽ പുനസ്ഥാപിച്ചു, ഉല്പത്തി പുസ്തകത്തിൽ, നഷ്ടമായ പറുദീസ; വെളിപ്പാട് 22:1, 2-ൽ വീണ്ടെടുത്തു. ഉല്പത്തിയിൽ, ലോകത്തിലേക്കു മരണം ഒരു ബാധയായിവന്നു; വെളിപ്പാട് 21:4-ൽ, മരണം നീങ്ങി. വിലയായുള്ളതെല്ലാം പുനസ്ഥാപിക്കുന്നതു[31] വിശ്വസ്തർക്കാണ് [32] യേശു വീണ്ടും വരുമ്പോൾ തനിക്കുള്ളവരെ ചേർക്കുമ്പോഴാണതു സംഭവിക്കുക (യോഹന്നാൻ 14:3) എല്ലായ്പോഴും കർത്താവിന്റെ വീണ്ടും വരവിനുവേണ്ടി ഒരുങ്ങിയിരിക്കുക എന്നതു എത്രപ്രയോജനപ്രദം!

### ഒരു വീണ്ടെടുപ്പുകാരൻ മുന്നറിയിച്ചു (3:22-24)

പ്രവാചകന്മാർ എന്നു പത്രൊസ് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട് (വാക്യം 18, 21). പിന്നെ അവൻ മശിഹയെക്കുറിച്ചു പറഞ്ഞ, മോശെ തുടങ്ങി പല പ്രവാചകന്മാരെകുറിച്ചും പറഞ്ഞിട്ടുണ്ട്:[33]

> മോശെ പറഞ്ഞു, "ദൈവമായ കർത്താവു നിങ്ങളുടെ സഹോദരന്മാരിൽ നിന്നു; എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കു എഴുന്നേല്പിച്ചു തരും. ആ പ്രവാചകന്റെ വാക്കു കേൾക്കാത്ത ഏവനും ജനത്തിന്റെ ഇടയിൽ നിന്നു ഛേദിക്കപ്പെടും" (വാക്യം 22, 23).

പത്രൊസിന്റെ സദസ്യർക്കു ആവർത്തനം 18 ലും ലേവ്യാ പുസ്തകം 23 ലും[34] ഉള്ള വാക്കുകൾ സുപരിചിതമായിരുന്നു. യെഹൂദന്മാർ വരുവാനുള്ള "പ്രവാചകനെ" – നോക്കിയിരുന്നു, മോശെയെപ്പോ ലെ, നായകനും, നിയമദാതാവും, വീണ്ടെടുപ്പുകാരനുമാണവൻ.[35] യോഹന്നാൻ സ്നാപകൻ വന്നപ്പോൾ, അവൻ, "നീ ആ പ്രവാചക നോ?" എന്നു ചോദിച്ചു (യോഹന്നാൻ 1:21). യേശു അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ, "ആളുകൾ വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു" (യോഹന്നാൻ 6:14). യേശു*വായിരുന്നു* ആ പ്രവാചകൻ, എന്നു അവൻ ഊന്നി പറഞ്ഞിരിക്കും. പിന്നെ അവൻ പറഞ്ഞതു "ആ പ്രവാചകന്റെ വാക്കു കേൾക്കാതെ ഏവനും ജനത്തിന്റെ ഇടയിൽനിന്നു ഛേദിക്കപ്പെടും എന്നാണ്." അവർ യേശുവിനെ ഗൗരവമായി കണ്ടില്ലെങ്കിൽ, അവർ നശിച്ചു പോകും എന്നർത്ഥം!

അടുത്തതു, വീണ്ടെടുപ്പുകാരനെ കുറിച്ചു മറ്റു പ്രവാചകന്മാർ ഉപദേശിച്ചതിനെ വേഗം അവലോകനം ചെയ്തു: "അത്രയുമല്ല, ശമൂ വേൽ[36] ആദിയായി സംസാരിച്ച പ്രവാചകന്മാർ *ഒക്കെയും*, ഈ കാലത്തെക്കുറിച്ചു പ്രസ്താവിച്ചു" (വാക്യം 24; എംഫസിസ്മൈൻ). ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്തപ്പോൾ തന്റെ രാജ്യസ്ഥാപനത്തെക്കുറിച്ചു സംസാരിച്ചു,[37] പ്രവാചകന്മാരുടെ വാക്കുകൾ ദാവീദുമായുണ്ടാക്കിയ മശിഹാ ഉടമ്പടിയെ കാത്തിരുന്നു 2 ശമുവേൽ 7:8–17. ശമുവേലിന്റെ ''പിൻഗാമികളെ'' ഓരോരുത്തരായി, ഉദാഹരണമെന്ന നിലയിൽ പത്രൊസ് എടുത്തു കാണിക്കുന്നു.[38] പഴയനിയമത്തിൽ മുന്നൂറിൽ അധികം പ്രവചനങ്ങൾ യേശുവിനെ കുറിച്ചു നടത്തിയിട്ടുണ്ട്!

### വെളിപ്പാട് തടസ്സപ്പെട്ടു (3:25, 26)

ഈ സമയത്ത്, മുടന്തനെ സൗഖ്യമാക്കിയതും തുടർന്നുണ്ടായ സംഭവങ്ങളുമെല്ലാം ഇതിനകം യെഹൂദാധികാരികളെ അറിയിച്ചു,അവർ ധൃതിയിൽ പത്രൊസിന്റെ പ്രസംഗം നിർത്തുവാൻ ജാതികളുടെ പ്രാകാരത്തിലേക്കു വന്നു. പത്രൊസിനു ഇനി സെക്കന്റുകളേ ബാക്കിയുള്ളൂ. അവന്റെ പ്രസംഗത്തിൽ അവസാനമായി, വ്യക്തിപരമായി പ്രായോഗികമാക്കാൻ ആവശ്യപ്പെടുകയാണ്. 25 ഉം 26, വാക്യങ്ങളിൽ ചുരുങ്ങിയതു ആറു പ്രാവശ്യം പത്രൊസ് "നിങ്ങൾ" "നിങ്ങളുടെ" എന്നു പറയുന്നുണ്ട്, ഈ സന്ദേശം, അനുഭവപ്പെടുവാൻ "നിങ്ങൾ" "നിങ്ങളുടെ"

എന്നതു ഊന്നി ഉറക്കെ വായിക്കുക.

പത്രോസ് തുടരുന്നു, "പ്രവാചകന്മാരുടെ മക്കൾ *നിങ്ങൾ* ആണ്" (വാക്യം 25; എംഫസിസ്മൈൻ). പഴയനിയമത്തിൽ, "പ്രവാചകന്മാരുടെ മക്കൾ" എന്നു വിളിച്ചിരുന്നതു പ്രവാചക, പരിശീലനത്തിനു – പ്രവാചക – സ്കൂളിൽ പഠിച്ചിരുന്ന പുരുഷന്മാരെയാണ്. പത്രോസ്, എങ്ങനെയായാലും, തന്റെ കേൾവിക്കാർ പ്രവാചകന്മാരുടെ അവകാശികൾ, എന്നു ആത്മീയ അർത്ഥത്തിലാണ് പറയുന്നത്. മക്കളാണല്ലോ നിയമപരമായി ഭൗതിക അവകാശികൾ. മശിഹാ പ്രവചനങ്ങൾ ദൈവത്തിന്റെ വക്താക്കൾ എഴുതിയതു യെഹൂദന്മാർക്കായിരുന്നു. നൂറുകണക്കിനു മുന്നറിയിപ്പുകൾ യേശുവിന്മേൽ തീഷ്ണപ്രകാശം ചൊരിഞ്ഞിരുന്നു – എന്നിട്ടും യെഹൂദന്മാർക്ക് അവനെ കാണാൻ കഴിഞ്ഞില്ല!

പിന്നെ പത്രോസ് യെഹൂദന്മാർക്കുള്ള മറ്റൊരു നേട്ടത്തെ ഓർമ്മിപ്പിച്ചു, വളരെക്കാലം മുൻപു ഉണ്ടാക്കിയ ഉടമ്പടി: "ഭൂമിയിലെ സകല വംശങ്ങളും *നിന്റെ* സന്തതിയിൽ ... അനുഗ്രഹിക്കപ്പെടും എന്നു ദൈവം *നിങ്ങളുടെ* അബ്രാഹാമിനോടു പറഞ്ഞു, '*നിങ്ങളുടെ* പിതാക്കന്മാരോടു ചെയ്ത നിയമത്തിന്റേയും[39] പ്രവാചകന്മാരുടേയും മക്കൾ നിങ്ങൾ തന്നേ' " (വാക്യം 25; എംഫസിസ്മൈൻ). ഈ ഉദ്ധരണി വാഗ്ദാനം ചെയ്തിരിക്കുന്നതു ഉല്പത്തി 22:18 ലാണ്; അതു മശിഹയുടെ വരവിനെ കുറിച്ചാണ് സൂചിപ്പിച്ചത്. പൗലോസ് പിന്നീട് ഉല്പത്തി 22 ഉദ്ധരിച്ചു പറഞ്ഞു, "എന്നാൽ അബ്രഹാമിന്നും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. 'സന്തതികൾക്കും' എന്നു അനേകരെ കുറിച്ചല്ല, 'നിന്റെ സന്തതിക്കും,' എന്നു ഏകനെ കുറിച്ചത്രേ പറയുന്നത്. അതു, *ക്രിസ്തു* തന്നേ" (ഗലാത്യർ 3:16; എംഫസിസ്മൈൻ). പത്രോസിന്റെ സദസ്യരിൽ ഉല്പത്തി 22 ലെ വാഗ്ദാനം അറിയാത്തവർ ഉണ്ടായിരുന്നില്ല. അവരെല്ലാവരും മശിഹ വന്നപ്പോൾ തിരിച്ചറിയേണ്ടതായിരുന്നു, എന്നാൽ അങ്ങനെയുണ്ടായില്ല.

യെഹൂദന്മാർ ദൈവത്തിന്റെ പ്രവാചകന്മാരെ തള്ളിക്കളയുകയും ദൈവവാഗ്ദാനങ്ങളെ അവഗണിക്കയും ചെയ്തു. അവരെ ഉപേക്ഷിക്കാൻ ദൈവത്തിനു എല്ലാ നിലയിലും അവകാശമുണ്ടായിരുന്നു, എന്നാൽ അവൻ അങ്ങനെ ചെയ്തില്ല. ദൈവം കൃപാലുവാണെന്നു പത്രോസ് പറഞ്ഞു, തന്റെ നിയമമുള്ള ജനത്തിനു ദൈവം എല്ലാം നല്കി, രണ്ടാമതു ഒരു അവസരവും കൊടുത്തു: "*നിങ്ങൾ*ക്കു ആദ്യമേ, ദൈവം തന്റെ ദാസനായ യേശുവിനെ എഴുന്നേല്പിച്ചു, ഓരോരുത്തനെ അവനവന്റെ അകൃത്യങ്ങളിൽ നിന്നു തിരിക്കുന്നതിനാൽ *നിങ്ങളെ* അനുഗ്രഹിക്കേണ്ടതിന്നു അവനെ അയച്ചിരിക്കുന്നു" (വാക്യം 26; എംഫസിസ്മൈൻ). "ആദ്യമേ" എന്ന വാക്കിൽ ജാതികൾക്കും അനുഗ്രഹങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു വ്യക്തം,[40] എന്നാൽ ഊന്നൽ *യേശുവിനെ* ഉയർപ്പിച്ചത് *യെഹൂദന്മാരെ* അനുഗ്രഹിക്കുന്നതിനായിരുന്നു എന്നത്രേ, അതായതു യേശുവിനെ അയച്ചതു *യെഹൂദന്മാരെ* അവരുടെ ദുഷിച്ച വഴികളിൽനിന്നു തിരിക്കേണ്ടതിനായിരുന്നു. വാക്യത്തിലെ വ്യക്തിപരമായ ഊന്നൽ ശ്രദ്ധിക്കുക: "*ഓരോരുത്തനെ* അവനവന്റെ അകൃത്യങ്ങളിൽ നിന്നു തിരിക്കുന്നതിനാൽ എന്നാണുള്ളത്." ദേശീയ പുനരുജ്ജീവനം വ്യക്തികളുടെ യഥാസ്ഥാനത്തെ ആശ്രയിച്ചാണിരിക്കുന്നത്.[41]

19–ാം വാക്യത്തിലെ – അപേക്ഷ ആവർത്തിക്കുന്നതു പത്രൊസിന്റെ സ്വാഭാവികശൈലി ആകാം അവർ ചെയ്യേണ്ട കാര്യങ്ങൾ – എ ല്ലാം വിശ ദമാക്കി "മറ്റു പല വാക്കുകളാലും" അവരെ പ്രബോധിപ്പിച്ചു (2:40). അവർ യേശുവിൽ ആശ്രയിച്ചു അനുസരിക്കേണ്ടതിന്നു തിരിയണമായിരുന്നു. ആ അവസരം അവനു പഴാക്കാമായിരുന്നതല്ലെങ്കി ലും, അവർ "ജന ത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ, പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും, സദൂക്യരും, അവരുടെ നേരെ വന്നു, ... അവൻ ജനത്തെ ഉപദേശിക്കയാലും മരിച്ചവരിൽ നിന്നുള്ള പുനരു ത്ഥാനത്തെ യേശുവിന്റെ ദൃഷ്ടാന്തത്താൽ അറിയിക്കയാലും, നീരസപ്പെട്ടു അവരെ പിടിച്ചു വൈകുന്നേരം ആകകൊണ്ടു തടവിലാക്കി" (4:1–3).

യെഹൂദപ്രമാണിമാർക്കു അപ്പൊസ്തലന്മാരെ തടവിലാക്കാൻ കഴി ഞ്ഞു, പക്ഷേ അവരുടെ വാക്കുകളെ തടവിലാക്കാൻ അവർക്കു കഴി ഞ്ഞില്ല. അടുത്ത വാക്യം പറയുന്നത്, "എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു; പുരുഷന്മാരുടെ എണ്ണം തന്നേ അയ്യായിരത്തോളം ആയി" (4:4)! ആ അയ്യായിരത്തിൽ മുൻപു ഭിക്ഷയാചിച്ചിരുന്ന ആ മനു ഷ്യനും ഉൾപ്പെട്ടിരിക്കും എന്നു ഞാൻ ഊഹിക്കുന്നു – അവസാനം അവന്റെ ശരീരത്തിനു മാത്രമല്ല, ആത്മാവിനും സൗഖ്യം ലഭിച്ചു!

**ഉപസംഹാരം**

നമ്മുടെ അടുത്ത പാഠത്തിൽ, നാം "യേശുവിന്റെ നാമം" എ ന്നതു പത്രൊസും യോഹന്നാനും ന്യായാധിപസംഘത്തിന്റെ മുൻപാകെ ഉറ പ്പോടെ വിവരിക്കുന്നത് തുടരുന്നതാണ് കാണുന്നത്. ഇപ്പോൾ, നാം അവ സാനിപ്പിക്കയാണ്. അതുകൊണ്ട് പത്രൊസും യോഹന്നാനും ആ ഭിക്ഷ ക്കാരനെ സൗഖ്യമാക്കിയപ്പോൾ മൂന്നാം അദ്ധ്യായത്തിന്റെ, ആരംഭത്തിൽ ചെയ്തതും 3–ാം അദ്ധ്യായത്തിന്റെ അവസാനം, പ്രസംഗിച്ചുകൊണ്ട്[42] എന്തു ചെയ്യുവാൻ, ശ്രമിച്ചു എന്നതും താരതമ്യം ചെയ്യാം. ഈ രണ്ടു ഭാഗങ്ങളും തമ്മിലുള്ള ബന്ധത്തെ 4–ാം അദ്ധ്യായത്തിൽ ഊന്നിപ്പറ യുന്നു ജന്മനാ മുടന്തനെ ക്കുറിച്ചു പത്രൊസ് വ്യക്തമാക്കുന്നു:

> ജനത്തിന്റെ പ്രമാണികളും മൂപ്പന്മാരുമായുള്ളോരേ, ഈ ബലഹീ നമനുഷ്യന്നു, ഉണ്ടായ ഉപകാരം നിമിത്തം അവൻ എന്തൊന്നി നാൽ *സൗഖ്യമായി*, എന്നു ഞങ്ങളെ ഇന്നു വിസ്തരിക്കുന്നു എങ്കിൽ നിങ്ങൾ ക്രൂശിച്ചവനും, ദൈവം മരിച്ചവരിൽ – നിന്നു ഉയിർപ്പിച്ചവനുമായി നസ്രായനായ യേശുകിസ്തുവിന്റെ നാമ ത്തിൽ, തന്നേ ഇവൻ സൗഖ്യമുള്ളവനായി നിങ്ങളുടെ മുൻപിൽ നില്ക്കുന്നു ... എന്നു നിങ്ങൾ എല്ലാവരും യിസ്രായേൽ ജനം ഒക്കെയും, അറിഞ്ഞു കൊൾവിൻ. മറ്റൊരുത്തനിലും രക്ഷയില്ല; നാം *രക്ഷിക്കപ്പെടുവാൻ* ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇട യിൽ, നല്കപ്പെട്ട വേറൊരു നാമവുമില്ല (4:9, 10, 12; എംഫസിസ് മൈൻ).

ഇംഗ്ലീഷ് തർജ്ജിമയിൽ നിന്നു, 9–ാം വാക്യത്തിലെ "മെയിഡ് വെൽ"

എന്നതും 12-ാം വാകൃത്തിലെ "സേവ്ഡ്" എന്നതും ഒരേ മൂലവാക്കിൽ നിന്നു വന്നതാണെന്നു നിങ്ങൾ മനസിലാക്കുക. ആ ഭിക്ഷക്കാരനെ ശാരീ രികമായി സൗഖ്യമാക്കിയ യേശുവിന്നു അവരെ ആത്മീയമായി സൗഖ്യ മാക്കാൻ കഴിയുമെന്നു പത്രൊസ് തന്റെ കേൾവിക്കാർ അറിയണമെന്ന് ആഗ്രഹിച്ചു! വേറൊരർത്ഥത്തിൽ, പറഞ്ഞാൽ മുടന്തനെ അവന്റെ ശാരീ രിക വൈകല്യത്തിൽ നിന്നു, രക്ഷിച്ച യേശുവി ന്നു, അവരെ അവരുടെ പാപങ്ങളിൽ നിന്നു ആത്മീയമായി രക്ഷിക്കാൻ കഴിയുമെന്ന് പത്രൊസ് പറഞ്ഞു. യെഹൂദന്മാർ അതിലെ കടന്നു പോകുമ്പോഴെല്ലാം ഈ മുടന്തന്റെ കാലുകൾ മടങ്ങിയിരിക്കുന്നതു കണ്ടു സഹതപിച്ചിരിക്കും; അവരുടെ ആത്മാക്കൾ, മുടന്തന്റെ മടങ്ങി യ കാലുകൾ പോലെ വികൃതവും, അത്ഭുത ചേഷ്ടയോടുകൂടിയതും, ശക്തിരഹിതവുമാ ണെന്നു, അവർ അറിയുവാൻ പത്രൊസ് ആഗ്രഹിച്ചിരുന്നു! വേറൊരർത്ഥ ത്തിൽ പറഞ്ഞാൽ, ഒരാളുടെ *ശരീരം* സൗഖ്യമാക്കുവാൻ കഴിയുന്നവനു അനേകം *ആത്മാക്കളെ* രക്ഷിപ്പാൻ കഴി യും. നിങ്ങളുടെ ആത്മാവിനെ സൗഖ്യമാക്കുവാൻ ഇനിയും നിങ്ങൾ കർത്താവിനെ അനുസരിച്ചില്ലെ ങ്കിൽ ഇന്നുതന്നെയാണ്, ഇപ്പോഴാണ് *അതിനു പറ്റിയ സമയം.*

## ദൃശ്യ - സഹായക്കുറിപ്പുകൾ

2:38 ഉം 3:19 ഉം ഒരു ബോർഡിലോ ചാർട്ടിലോ സമാന്തരമായി എഴുതി പഠിപ്പിക്കാം. പാപം "തുടച്ചു നീക്കുന്നതു" "പാപങ്ങൾ" എന്നെ ഴുതി മായ്ക്കാം. (മറ്റൊരുരീതിയിലും പാപം "തുടച്ചുനീക്കുന്നതു" ചിത്രീക രിക്കാം: കുട്ടികൾ ചെറിയ "വസ്തുക്കൾ" മണ്ണുകൊണ്ട് പൊതിഞ്ഞ് അതിന്മേൽ വരക്കും; അവസാനം മണ്ണെല്ലാം മിനുസപ്പെടുത്തും. മറ്റൊരു രീതിയിൽ കുട്ടികളുടെ മാജിക് സ്ലേറ്റ് ഉപയോഗിച്ച് ചിത്രീകരിക്കാവുന്നതാണ്, ഇത് നിങ്ങളുടെ സ്ഥലത്ത് വാങ്ങാൻ കിട്ടുമെങ്കിൽ "പാപങ്ങൾ" എന്ന് എഴുതുക; പിന്നെ മുൻപേജ്, വലിച്ചെടുത്ത് എഴുത്ത് മായ്ക്കുക.)

## പ്രസംഗ ക്കുറിപ്പുകൾ

നമുക്കു പ്രവൃത്തി 2 ലും 3 ലും, ചുരുങ്ങിയ പ്രസംഗങ്ങളാണു ള്ളത് എന്നു ഞാൻ പറഞ്ഞുവല്ലോ. രേഖപ്പെടുത്തിയ പ്രസംഗങ്ങളിലെ ഈ പ്രത്യേകത ആരംഭത്തിലെ മറ്റു പ്രസംഗങ്ങളിലും കണ്ടേക്കാം (ലൂക്കൊസ് വിവരങ്ങൾ സാധാരണ പകർത്തി നല്കുകയായിരുന്നില്ല; പുസ്തകത്തിൽ പിന്നീട് നല്കുവാനുള്ള വിവരണത്തെ അവൻ മാറ്റി വെച്ചിരുന്നു). "പത്രൊസ് പ്രസംഗിച്ച സുവിശേഷം" എന്ന പാഠം തയ്യാ റാക്കി പ്രവൃത്തി 2 ലേയും 3 ലേയും പ്രസംഗങ്ങൾ *കൂട്ടിക്കലർത്തി* തയ്യാറാക്കാം - ഒരുപക്ഷേ 4 ലേയും 10 ലേയും ചേർക്കാം. ചുരുങ്ങിയ അഭിപ്രായ സൂചനയും നല്കാം - വിശദീകരണ കുറിപ്പുകൾ ആവശ്യ ത്തിന്നു ചുരുക്കമായിട്ടാകാം. പത്രൊസ് പ്രസംഗിച്ചത് അന്നു ആയിര ക്കണക്കിന്നു ആളുകളെ ഇളക്കി മറിച്ചു എങ്കിൽ (നിങ്ങളിൽ കൂടെ) ഇന്നു

നിങ്ങളിലും സാദ്ധ്യമല്ലേ!

"മോശെയെപോലെ ഒരു പ്രവാചകൻ" എന്ന വിഷയം താല് പര്യ പൂർവ്വം എടുത്തു പ്രസംഗിക്കാം (ആവർത്തനപുസ്തകം 18:15, 18, 19; ലേവ്യാപുസ്തകം 23:29; പ്രവൃത്തി 3:22, 23). കോഫ്മാന്റെ ഇൻ ഹിസ് കമെന്ററി ഓൺഹീ ബ്രൂസിൽ 19 പ്രാവശ്യം യേശു മോശെയെപോലെ ആകുന്നു എന്നും 13 പ്രാവശ്യം മോശെയിൽ നിന്നും അവൻ വ്യത്യസ്തനായിരുന്നു എന്നും പറയുന്നുണ്ട് (കോഫ്മാൻ,*കമെന്ററി ഓൺ ഹീബ്രൂസ്* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ്ഹൗസ്, 1971], 67–69).

---

കുറിപ്പുകൾ

[1]പ്രേമിക്കുന്ന, ആൺകുട്ടിയോ പെൺകുട്ടിയോ അവർ ഇഷ്ടപ്പെടുന്ന ആളുടെ പേർ അവർ ആവർത്തിച്ചെഴുതും; ആ വ്യക്തിക്കു അതു വെറും പേരായിട്ടല്ല ഉണ്ടായിരുന്നതു. ഹൃദയമിടിപ്പുള്ള ഒരാൾക്കു വേണ്ടി അതു നിലകൊണ്ടു. [2]പ്രവൃത്തി 2 ലെയും 3 ലെയും പ്രസംഗങ്ങൾ അന്യോന്യം അനുബന്ധമായി കരുതുന്നുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ചില കാര്യങ്ങൾ രണ്ടു പ്രസംഗങ്ങളിലും അങ്ങനെ തന്നെ പറഞ്ഞിട്ടുണ്ട് എന്നർത്ഥം, എന്നാൽ ലൂക്കോസിന്റെ പരിശീലനം വിവരം രേഖപ്പെടുത്തിയത് പകർത്തുകയായിരുന്നില്ല. [3]KJV യിൽ "വിശുദ്ധി" എന്നാണ്; NIV–ൽ "ദൈവ ഭക്തി" എന്നാണ്. [4]KJV യിൽ "പുത്രൻ" എന്നാണ് ഇവിടെയും 26–ാം വാക്യത്തിലും ഉണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് "പുത്രൻ" (*huios*) എന്നതിന്റെയോ "ദാസൻ" (*ഡയാകോണോസ്)* എന്നതിന്റെയോ അല്ല. *പായിസ്* എന്ന വാക്കാണ് ഉപയോഗിച്ചത്, "ദാസൻ" എന്നർത്ഥത്തിലും "കുട്ടി" എന്നർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. (ഇതിൽ നിന്നാണ് "പീഡിയാട്രീഷൻ" - കുട്ടികളെ നോക്കുന്ന ഡോക്ടർ വന്നതു.) പത്രൊസ് യേശുവിന്റെ *കഷ്ടതയ്ക്കു* ഊന്നൽ കൊടുത്തിരിക്കുന്നതുകൊണ്ട് (വാക്യം 18), പഴയ നിയമത്തിൽ കഷ്ടപ്പെടുന്ന ദാസൻമാരെ കുറിച്ചുള്ള ഉപദേശത്തെയാണ് അവൻ പ്രതിഫലിപ്പിക്കുന്നത്. യെശയ്യാവ് ഉപയോഗിച്ചിരിക്കുന്ന സെപ്ടജിൻ എന്നവാക്കിന്റെ *പായിസ്* എന്നതാണ് അങ്ങനെ മിക്ക തർജ്ജിമക്കാരും ഇഷ്ടപ്പെടുന്ന വാക്കാണ് "ദാസൻ." [5]യെശയ്യാവ് 53–ൽ ഉപയോഗിച്ചത്. ഐത്യോപ്യക്കാരനോട് പ്രവൃത്തി 8–ൽ ഫിലിപ്പോസ് പ്രസംഗിച്ചതു ശ്രദ്ധിക്കുക. [6]സങ്കീർത്തനങ്ങൾ 22. നമുക്കു പത്രൊസിന്റെ പ്രസംഗം ചുരുക്കമായി ഉള്ളതിനാൽ, അവൻ അവിടെ നിലനിർത്തിയിട്ട് യെശയ്യാവിൽ നിന്നും ദാവീദിൽ നിന്നും ചില വാക്യങ്ങൾ ഉദ്ദരിച്ചു. [7]അവർ വീണ്ടെടുക്കാൻ വന്നവനെ ഏല്പിച്ചു! [8]"ഹോളി" എന്നതു ഗ്രീക്കിൽ തർജ്ജിമ ചെയ്തു "സാങ്ടിഫൈഡ്"; എന്ന വാക്കു തന്നെയാണ് അതിനർത്ഥം "വേർതിരിക്കുക" എന്നാണ്. മനുഷ്യരെ ബാധിക്കുമ്പോൾ അതിനർത്ഥം, ദൈവത്തിന്റെ മക്കളെ പ്രത്യേക ഉദ്ദേശത്തിനായി മാറ്റി നിർത്തുന്നു. ദൈവവുമായ ബന്ധത്തിൽ ഇതിന്റെ അർത്ഥം, മറ്റു സൃഷ്ടികളിൽ നിന്നു ദൈവത്തെ മാറ്റി നിർത്തുന്നതു

തികവായാണ്. [9]''റൈറ്റിയസ്'' എന്നതു ഒരു കുറ്റവും, ആരോപിക്കപ്പെടാത്തവനെയാണ്. [10]യോഹന്നാൻ 6:69-ൽ പത്രൊസ് യേശുവിനെ "ദൈവത്തിന്റെ പരിശുദ്ധൻ" എന്നു വിളിച്ചിട്ടുണ്ട്.

[11]വാരൻ ഡബ്ളിയൂ വിയേഴ്സ്, *ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൺ, 3: വിക്ടർ ബുക്സ്, 1989), 412. [12]പ്രമാണിമാരുടെ അജ്ഞതയിന്മേൽ, 13:27; 1 കൊരിന്ത്യർ 2:8. [13]എബ്രായർ 10:26 ശ്രദ്ധിക്കുക. അത്തരം പാപങ്ങളെ എബ്രായ ലേഖകൻ പറയുന്നതു "മനഃപൂർവ്വമായ പാപം" എന്നാണ്. [14]പത്രൊസിന്റെ ആദ്യത്തെ പ്രസംഗത്തിലെ, മുഖ്യ പോയിന്റ് ഇതായിരുന്നു. യേശുവിനെ സ്വീകരിക്കുന്നതിൽ യെഹൂദന്മാർക്കു ക്രൂശ് ഇടർച്ചയായിരുന്നു. [15]ചില എഴുത്തുകാർ പറയുന്നതു വാസ്തവത്തിൽ അങ്ങനെ ചെയ്യേണ്ടിയിരുന്നില്ല എന്നാണ്, ആളുകൾ ഓരോ ദിവസവും പെന്തകൊസ്തു, നാൾമുതൽ യെരുശലേമിലെ യെഹൂദന്മാർ ഓരോരുത്തരും യേശുവിനെ ഏറ്റു പറഞ്ഞു സ്നാനമേല്ക്കുന്നതു സാക്ഷ്യം വഹിച്ചിട്ടുണ്ട് (2:38, 41, 47). [16]നിഘണ്ടുവിൽ ''മാനസാന്തരപ്പെടുക'' എന്ന വാക്ക് നോക്കുക. [17]ആളുകൾ കളിമണ്ണിലും മെഴുകു പലകയിലും മൂർച്ചയുളള - വടികൊണ്ട് എഴുതിയിരുന്നു. ഈ എഴുത്ത് പ്രതലം മിനുസപ്പെടുത്തുന്നതോടെ "മായിച്ചു കളയാം." [18]KJV പറയുന്നതു "ബി കൺവെർട്ടഡ്" എന്നാണ് ഇതൊരു കല്പന ആയിട്ടു പോലും ചിലർ "ബി" എന്നതിൽ പിടിച്ചുകൊണ്ട്, "അതു പാസ്സിവ് വോയിസിൽ ആണ് എഴുതിയിരിക്കുന്നത്, അതുകൊണ്ട് *നാം* അതു ചെയ്യേണ്ടതല്ല. മറിച്ചു, *ദൈവം* നമുക്കു ചെയ്യുന്നതാണ്. നമുക്കു ചാരിയിരുന്നു എല്ലാം ദൈവം ചെയ്യേണ്ടതെന്നു പറയാം." "റിട്ടേൺ" എന്നതാണ് "ബി കൺവേർട്ടഡ്" എന്നതിനേക്കാൾ നല്ല തർജ്ജിമ,അതു ഇത്തരം തെറ്റായ വ്യാഖ്യാനത്തിലേയ്ക്കു പോകില്ല. അതു ഗ്രീക്കിൽ സംയുക്ത വാ ക്കായിട്ടാണ് അവർ ഉപയോഗിച്ചത്. അക്ഷരികമായ അർത്ഥം ''ടേൺടു'' എന്നാണ്. [19]അവർ മടങ്ങേണ്ടതു എന്നാണെന്നോ എവിടെയാണെന്നോ ആരംഭ പുസ്ത കത്തിൽ ഇല്ല. എന്നാൽ അവർ *കർത്താവിലേയ്ക്കാണു* മടങ്ങി വരേണ്ടത് എന്നാണ് (11:21). 3:19-ൽ ദി ന്യൂ സെഞ്ചറിവെർഷനിൽ "ദൈവത്തിലേക്ക് മടങ്ങിവരുക" എന്നാണ്. [20]അതു പാപമോചനത്തോടു കൂടി ആരംഭിക്കുന്നു. നമ്മുടെ ആത്മാവിനെ കീറി മുറിക്കുന്നതു ''ആശ്വാസകാലം'' തന്നെ. ഈ ''ആശ്വാസകാലം,'' എങ്ങനെയായാലും, നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ തുടരുന്നു. ഒരു പ്രശ്നം നമ്മെ അലട്ടുമ്പോൾ അവസാനം അതു കർത്താവിനു വിട്ടുകൊടുക്കുക, അപ്പോൾ നമ്മുടെ ആത്മാക്കൾക്കു എന്താശ്വാസമായിരിക്കും! നിങ്ങൾ ഇതു ക്ലാസിൽ പഠിപ്പിക്കുന്നുവെങ്കിൽ അവർക്കു ണ്ടായ ഇത്തരം "ആശ്വസങ്ങളെ" പങ്കിടാൻ പറയാം.

[21]ഈ രണ്ടു അനുഗ്രഹങ്ങളെ കുറിച്ചു KJV നല്കുന്നതു മുഖ്യമാണ്. [22]"നിയമിച്ചിരിക്കുന്നു" എന്നതു തർജ്ജിമ ചെയ്തിരിക്കുന്നതു ഒരു സംയുക്ത ഗ്രീക്കു വാക്കിൽ നിന്നാണ്. അക്ഷരിക അർത്ഥം "മുൻ നിയമിച്ചിരിക്കുന്നു" എന്നാണ്. യേശുവിനെ പണ്ടു തന്നെ ദൈവം മശിഹയായി ദൈവം "നിയമിച്ചു." "നിങ്ങൾക്ക്" എന്നതു വ്യക്തിപരമായ പ്രവൃത്തിയാകുന്നു: പത്രൊസ് തന്റെ കേൾവിക്കാരോടു പറയുന്നു, ഇതു പ്രത്യേകമായി *അവർക്കു ചെയ്തതാണ്.* [23]KJV യാണ് തർജ്ജിമയിൽ ഏറ്റവും അടുത്തു നിൽക്കുന്നത്. [24]പാപം നിറഞ്ഞ ഈ ലോകത്തിൽ എന്നെങ്കിലും ഒരു ''സുവർണ്ണകാലം'' ഉണ്ടാകുമെന്നു

സൂചിപ്പിച്ചിട്ടില്ല. യേശു ഒരിക്കൽ അതിശയിക്കയുണ്ടായി, മനുഷ്യ പുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കാണുമോ എന്ന് (ലൂക്കോസ് 18:8). [25]ഇതു മാറ്റമില്ലാതെ പഠിപ്പിക്കുവാൻ താല്പര്യപ്പെടുന്നവർ ആലങ്കാരികമായ വേദഭാഗത്തെ അക്ഷരികമായി എടുക്കുക. [26]ബൈബിൾ വ്യാഖ്യാനത്തിലെ അടിസ്ഥാന ചോദ്യം ''ആദ്യം വചനം കേട്ടവർക്കു ഇതു എന്തർത്ഥമായിരുന്നു?'' [27]ക്രിസ്ത്യാനിയായി തീർന്നവർ, തുടർച്ചയായി കേൾക്കുകയും പഠിക്കു കയും ചെയ്തിരുന്നു,അവരുടെ തെറ്റിദ്ധാരണകൾ തിരുത്തി - രാജ്യത്തെക്കുറിച്ചു അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന തെറ്റിധാരണകളും തിരുത്തി. [28]യോഗ്യമായ വാക്കായ "ലെജിറ്റിമേറ്റ്," ഞാൻ ഉപയോഗിക്കുന്നതിന്റെ കാര ണം അവരുടെ മശിഹാ പ്രത്യാശയെ സംബന്ധിച്ച് *എല്ലാ* സ്വപ്നങ്ങളും തിരിച്ചറിഞ്ഞില്ല അവരിൽ (അധികം പേരും) അല്ലെങ്കിൽ എല്ലാവരും ഈ സ്വപ്നങ്ങൾ രൂപപ്പെട്ടതു പ്രവാചകന്മാർ പറഞ്ഞതിനോട് ഓരോരുത്തരും വർണ്ണന ചേർത്തതു കൊണ്ടാണ്. ''ദൈവം [വാസ്തവത്തിൽ] തന്റെ വിശുദ്ധ പ്രവാചകന്മാരിൽ കൂടെ പറഞ്ഞതായ വാക്കുകൾ'' പത്രൊസ് എല്ലാം "യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നത്" പരിമിതമായാണ് ചൂണ്ടിക്കാണിച്ചത്. [29]പത്രൊസ് ഒരു ദേശീയ പ്രത്യാശയെ വ്യക്തിപരമായി പ്രത്യാശയാക്കി അവതരിപ്പിച്ചു. [30]''സകലവും യഥാസ്ഥാനപെടുത്തുന്നതു'' മശിഹയ്ക്കു വഴിയൊരുക്കു വാൻ യോഹന്നാൻ സ്നാപകന്റെ, സമയത്തു തുടങ്ങി (മലാഖി 3:1; 4:5, 6; മത്തായി 17:11, 12; മർക്കൊസ് 9:12, 13). സ്ത്രീകളും പുരുഷന്മാരും യേശുവിന്റെ യാഗം മൂലം കർത്താവി ലേയ്ക്കു തിരിഞ്ഞു "യഥാസ്ഥാനപ്പെടൽ" തുടർന്നു കൊണ്ടിരുന്നു (എഫെസ്യർ 2:16-18). അവസാന യഥാസ്ഥാനത്തിനു, കർത്താവിന്റെ വീണ്ടും വരവ് വരെ കാത്തിരിക്കണം.

[31]ഇപ്പോൾ നമ്മെ വ്യാകുലരാക്കുന്നതിലധികവും യഥാസ്ഥാനമാക്കാൻ യോഗ്യമല്ല. ഒരു ദിവസം നാം കാണും അവയൊന്നും നിത്യ പരിശുദ്ധിയുടെ ഭാഗമാ യിരുന്നില്ല എന്ന്. [32]ഇതു വ്യക്തിപരമാക്കുക: ചിലർക്കു ആരോഗ്യം നഷ്ടമായിരിക്കുന്നു; ഇതു യഥാസ്ഥാനപ്പെടും. ചിലർക്കു ഭൗതിക സമ്പാദ്യം നഷ്ടമായിട്ടുണ്ട്; അവർ സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടും, ദൈവത്തോടും, ദൂതന്മാരോടും, വിശുദ്ധന്മാരോടും കൂടെ ആയിരിക്കും. [33]ഹാനോക്ക് പ്രവാചകനായിരുന്നു യൂദാ 14, 15, എന്നാൽ യെഹൂദന്മാർ മോശെയെ മാത്രമെ വലിയ പ്രവാചകനായി കണക്കാക്കിയിരുന്നുള്ളൂ. യേശു എമ്മവുസിലേയ്ക്കുള്ള, വഴിയിൽ പഠിപ്പിച്ചതു "മോശെ തുടങ്ങിയ സകല പ്രവാച കന്മാരും" എന്നാണ് (ലൂക്കോസ് 24:27). [34]ഉദ്ധരണികൾ അധികവും ആവർത്തനപുസ്തകം 18:15, 18, 19-ൽ നിന്നായി രുന്നു. ഉദ്ധരണിയിലെ അവസാന ഭാഗം ലേവ്യാപുസ്തകം 23:29 ആയിരുന്നു. മോശെയാണ് ലേവ്യാപുസ്തകവും ആവർത്തന പുസ്തകവും എഴുതിയത്. [35]ആവർത്തന പുസ്തകം 18-ൽ മോശെ യിസ്രായേൽ മക്കളോടു നിങ്ങൾ കനാന്യരെ പോലെ ദൈവേഷ്ടം പഠിക്കാൻ മാന്ത്രികത്തിലേയ്ക്കു തിരിയരുത് എന്നാണ്. മറിച്ചു, ദൈവത്തിനേ തന്റെ ഇഷ്ടം ജനത്തോടു വെളിപ്പെടുത്താൻ എല്ലായ്പ്പോഴും അവന്റെ പ്രതിനിധി ഉണ്ടായിരിക്കും; മോശെയെ "എഴുന്നേല്പിച്ചതുപോലെ ... ഒരു പ്രവാചകനെ" എഴുന്നേല്പിച്ചു ജനത്തെ ഉപദേശിക്കും. ദൈവം തന്റെ വാഗ്ദാനം നിറവേറ്റി; ഒരിക്കലും ദൈവാശ്വാസീയ വക്താവ് ഇല്ലാതെ ഒരിക്കലും മനുഷ്യരെ വിട്ടുകളഞ്ഞിട്ടില്ല. മോശെ അത്തരം പ്രത്യേക വ്യക്തിയായിരുന്നു,

എങ്കിലും യിസ്രാ യേൽ ജനത്തിനു തോന്നിയതു ഇടയ്ക്കുള്ള പ്രവാചകന്മാർ മെശെയുടെ ഈ വാഗ്ദാനം ഭാഗികമായേ നിറവേറ്റപ്പെട്ടുള്ളൂ എന്നാണ്. അങ്ങനെ അവർ "പ്രവാചകൻ" വരുവാനിരിക്കുന്നേയുള്ളൂ എന്ന് കരുതി. [36]13:20 നോക്കുക. ശമൂവേലിനെ ചിലപ്പോൾ "ആദ്യ വായ്കൊണ്ട് സംസാരിച്ച പ്രവാചകൻ" എന്നു വിളിക്കാറുണ്ട്. [37]1 ശമുവേൽ 13:14; 15:28; 16:13; 28:17. [38]ചില എഴുത്തുകാരെ, എല്ലാ പഴയനിയമ പ്രവാചകന്മാരുടെ വാക്കുകളിലും മശിഹയെ കുറിച്ചുള്ള പരാമർശം ഇല്ലാത്തതു ചിന്താകുലരാക്കി. അതു ആവശ്യമില്ലാത്തതാണ്. ഓരോ പ്രവാചകനും അവന്റേതായ പ്രത്യേക സംഭാവന മശിഹയെ കുറിച്ചു നൽകിയിട്ടുണ്ട്. അതുകൊണ്ടാണ് യേശു, "മോശെ തുടങ്ങിയ സകല പ്രവാചകന്മാരും, ... അരുളിച്ചയ്ത തിരുവെഴുത്തുകളെ കുറിച്ചു പറഞ്ഞതു" (ലൂക്കൊസ് 24:27; എംഫസിസ്മെൻ). [39]ക്രിസ്തീയ കാലത്തിൽ ജാതികളെയും ഉൾപ്പെടുത്തുവാൻ കാത്തിരുന്ന മറ്റൊരു വാഗ്ദാനമായി മാറുന്നു ഇത്. എങ്കിലും, പത്രൊസിന് ഇതു മനസിലായില്ല. ആ വാഗ്ദാനം മാത്രമായിരുന്നെങ്കിൽ പത്രൊസ് വിചാരിക്കും "ആദ്യം അവർ യെഹൂദന്മാർ ആകട്ടെ" എന്ന്. [40]രക്ഷ "*ആദ്യം* യെഹൂദനും പിന്നെ യവനനും ആയിരുന്നു" (റോമർ 1:16; എംഫസിസ്മെൻ). 13:45, 46; റോമർ 2:9, 10.

[41]ഇതു യിസ്രായേലിലോ അമേരിക്കയിലോ ഇന്ത്യയിലോ മാത്രമല്ല. ഈ പുസ് തകം എവിടെയെല്ലാം പോകുന്നുവോ അവിടെയെല്ലാം വാസ്തവമാണ്. [42]3:12-ൽ പത്രൊസിന്റെ പ്രസംഗത്തെ മാത്രമാണ് പറയുന്നതങ്കിലും, 4:2-ൽ, "അവർ ജനത്തെ ഉപദേശിച്ചു വന്നു" എന്നു പറയുന്നുണ്ട്.